# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2283 05.11.2019-ലെ മറുപടിക്ക്

## സാമ്പത്തിക മാന്ദ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ. എൽദോ എബ്രഹാം | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | രാജ്യത്ത് നിലവിൽ അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ ഏതൊക്കെ വിധത്തിൽ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | ദേശീയതലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം സ്വാഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. ആർ.ബി.ഐ. യുടെ വാർഷിക റിപ്പോർട്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനം 5 വർഷത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലെത്തി. ഇത് രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടെയും ഉല്പാദന മേഖലകളുടെ വളർച്ച കുറയുന്നതിന് കാരണമായി. പ്രധാനമായും ഓട്ടോമൊബൈൽ ഉല്പാദന രംഗത്തും റിയൽ എസ്റ്റേറ്റ് രംഗത്തും വൻതോതിൽ ഇടിവ് സംഭവിച്ചു. വരുമാനം കുറഞ്ഞതിനാൽ ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം തൊഴിലവസരങ്ങൾ, വരുമാനം സമ്പാദ്യം, മൂലധന വളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. കേരളത്തിന്റെ കൃഷി, പ്രത്യേകിച്ചും നെല്ല് തുടങ്ങിയ ഭക്ഷ്യ വിളകൾ റബ്ബർ, കാപ്പി, നാളികേരം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം എന്നീ രംഗങ്ങളിലും മാന്ദ്യം ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും, സർക്കാരിന്റെ ഇടപെടൽ മൂലം കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധി കളൊന്നും ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| (ബി) | സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി കേന്ദ്ര സർക്കാർ ചെലവ് വർദ്ധിപ്പിക്കുന്നത് പോലെ സംസ്ഥാന സർക്കാരുകളുടെയും ചെലവ് വർദ്ധിപ്പിക്കുന്നതിന് അനുമതി നല്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ദേശീയ തലത്തിലുണ്ടാകുന്ന സാമ്പത്തിക മാന്ദ്യം സ്വഭാവികമായും എല്ലാ സംസ്ഥാനങ്ങളിലും പ്രതിഫലിക്കാറുണ്ട്. ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. പ്രധാനമായും ഓട്ടോമൊബൈൽ ഉൽപ്പാദന രംഗത്ത് ഇടിവ് സംഭവിച്ചു. ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞതാണ് ഇതിന്റെ പ്രധാന കാരണം. തന്മൂലം, തൊഴിലവസരങ്ങൾ, വരുമാനം, സമ്പാദ്യം, മൂലധന വളർച്ച എന്നിവ ആനുപാതികമായി കുറയാനിടയായി. ഇതിന്റെ പശ്ചാത്തലത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇടിവ് സംഭവിച്ചു. എന്നിരുന്നാലും കേരളത്തിൽ കാര്യമായ സാമ്പത്തിക പ്രതിസന്ധികളൊന്നും ഉണ്ടായിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിൽ 30610 കോടി രൂപയുടെ അടങ്കലാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളും തടസ്സം കൂടാതെ നടപ്പിലാക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് ജനങ്ങളുടെ ചോദന ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് ജനങ്ങളുടെ വരുമാനം വർദ്ധിക്കണം. അതിലേക്കായി സർക്കാർ കൂടുതൽ മുതൽമുടക്ക് പല മേഖലകളിലും നടത്തിക്കൊണ്ടിരിക്കുന്നു. സംസ്ഥാന പദ്ധതിയിൽ വകയിരുത്തിയ തുക ഫലപ്രദമായ രീതിയിൽ ചെലവഴിക്കുന്നതുമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുകയും വരുമാന വർദ്ധനവിന് ഇത് കാരണമാകുകയും ചെയ്യുന്നുണ്ട്. |
| (സി) | സാമ്പത്തിക മാന്ദ്യം നേരിടുമ്പോഴും കേരളത്തിന് അനുവദിക്കുന്ന വായ്പ കേന്ദ്രം വെട്ടിക്കുറക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നും ആയത് മാന്ദ്യത്തെ നേരിടുന്നതിനുള്ള സംസ്ഥാനത്തിന്റെ | ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് തുടങ്ങി വിവിധ കാരണങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തിന്റെ വാർഷിക വായ്പ പരിധി |

| | | |
|---|---|---|
| | ശ്രമങ്ങൾക്ക് ഏതൊക്കെ തരത്തിൽ തിരിച്ചടിയാകുമെന്നും അറിയിക്കുമോ? | വെട്ടിച്ചുരുക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനം സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതിലുപരി രാജ്യം മാന്ദ്യം അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുന്നതിന് കൂടുതൽ പൊതുപണം സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകളിലേയ്ക്ക് ഒഴുക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ, മേൽ നടപടി മാന്ദ്യത്തിൽ നിന്നും കരകയറുന്നതിന് സംസ്ഥാനം കൈക്കൊള്ളുന്ന നടപടികളെ ദുർബലപ്പെടുത്തും എന്നത് വസ്തുതയാണ്. |

സെക്ഷൻ ഓഫീസർ